A

802

# സമഗ്ര ശിക്ഷാ, കേരളം

# വാർഷിക മൂല്യനിർണയം 2021-22

## മലയാളം

ക്ലാസ് : 8

## കേരളപാഠാവലി

സമയം : 1½ മണിക്കൂർ

ആകെ സ്കോർ : 40

---

**നിർദേശങ്ങൾ**

- ആദ്യ പതിനഞ്ച് മിനിറ്റ് സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ വായിക്കുവാനും ഉത്തരങ്ങൾ ക്രമപ്പെടുത്തുവാനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക.** (4 x 1= 4)

1. "ആയിരം മണിയുടെ നാക്കടക്കീടാമൊറ്റ-
വായിലെ നാവാർക്കാനും കെട്ടുവാൻ കഴിയുമോ?"
'നാവാർക്കാനും കെട്ടുവാൻ കഴിയുമോ' എന്ന പ്രയോഗം സൂചിപ്പിക്കുന്നതെന്ത് ?
   - മണിയുടെ നാവ് കെട്ടാനാവില്ല.
   - മണിയടിക്കാനാവില്ല.
   - മനുഷ്യന്റെ നാവ് നിയന്ത്രിക്കാനാവില്ല.
   - മണിയുടെ ഒച്ച നിയന്ത്രിക്കാനാവില്ല.

2. "കൊന്നമരങ്ങളിൽ സ്വർണം വിളയുന്ന
പുണ്യകാലങ്ങളിൽ ചൈത്രത്തിൽ" പുണ്യകാലം എന്ന് ഇവിടെ വിശേഷിപ്പിച്ചത് ഏത് മാസ ത്തെയാണ്?
   - ചിങ്ങം
   - മേടം
   - വൃശ്ചികം
   - ധനു

3. **മാതൃകപോലെ പിരിച്ചെഴുതുക.**
**മാതൃക :** തേവിത്തേവി - തേവി + തേവി
ഊതിക്കെടുത്തി -

4. "ഹാ! തത്ര ഭവൽപ്പാദമൊരിക്കൽ ദർശിച്ചെന്നാൽ
കാതരനതിധീരൻ; കർക്കശൻ കൃപാവശൻ!" ഇവിടെ 'കാതരൻ' എന്ന പദത്തിന്റെ അർഥം ഏത്?
   - അലസൻ
   - ധീരൻ
   - അധീരൻ
   - പിശുക്കൻ

(മറുപുറം)

5. സാന്ദ്രസൗഹൃദം എന്ന പദത്തിന്റെ വിഗ്രഹാർഥം ഏത്?

- സാന്ദ്രവും സൗഹൃദവും
- സാന്ദ്രമായ സൗഹൃദം
- സാന്ദ്രത്തിന്റെ സൗഹൃദം
- സൗന്ദ്രമാകുന്ന സൗഹൃദം

6 'കവിതയോട്' എന്ന കവിതയിൽ പ്രകൃത്യംബയുടെ മാണിക്യമാലയായി കവി കാണുന്നത് എന്തിനെയാണ്?

- മഴത്തുള്ളികളെ
- ഇടിമിന്നലിനെ
- മഴവില്ലിനെ
- സ്വർണത്തെ

**7 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക** (4 x 2= 8)

7. അതിൽ പന്ത്രണ്ടിടങ്ങഴിയുടെ ചോറും വഴിയാത്രക്കാരാണ് തട്ടുന്നത്.
അവൻ എത്ര ശക്തിയിലാണ് പന്ത് തട്ടുന്നത്.
അടിവരയിട്ട പദത്തിന് ഓരോ സന്ദർഭത്തിലും വരുന്ന അർഥവ്യത്യാസം കണ്ടെത്തിയെഴുതുക?

8 "പാടത്തിൻകര നീളെ നീലനിറമായ്
വേലിക്കൊരാഘോഷമായ്
ആടിത്തൂങ്ങിയലഞ്ഞുലഞ്ഞു സുകൃതം
കൈക്കൊണ്ടു നിൽക്കും വിധൗ"
ഇവിടെ കയ്പവല്ലിക്ക് കവി നൽകിയ വിശേഷണങ്ങളിൽ രണ്ടെണ്ണം വ്യക്തമാക്കുക.

9 ഗാന്ധിജിയെ വള്ളത്തോൾ സ്വന്തം ഗുരുനാഥനായി സങ്കൽപ്പിച്ചത് എന്തുകൊണ്ടാവും? വ്യക്തമാക്കുക.

10 'കളിയച്ഛൻ ജനിക്കുന്നു' എന്ന പാഠഭാഗത്തിലെ 'നീലരാത്രി', 'വൈരപ്പൊടി ചിതറിയ ആകാശം' എന്നീ പ്രയോഗങ്ങൾ രാത്രിയുടെ എന്തെല്ലാം സവിശേഷതകളെയാണ് സൂചിപ്പിക്കുന്നത്?

11 "വന്ദനം വന്ദനം! വാർമെത്തും ദ്രാവിഡ-
നന്ദിനിയായി വളർന്ന ഭാഷേ,
വന്ദനം വന്ദനം! ചിത്തം കവർന്നിടും
ചന്ദനാമോദം കലർന്ന ഭാഷേ"
മലയാള ഭാഷയെക്കുറിച്ച് എന്തെല്ലാം സൂചനകളാണ് ഈ വരികളിൽ തെളിയുന്നത്?

12 **അർഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കുക.**
കർണന്റെ ശിരസ്സോപരി, യുവരാജാവായ യുധിഷ്ഠിരൻ വെൺചാമരമുയർത്തി നിൽക്കും.
ഭീമസേനൻ നിന്റെ സിംഹാസനത്തിനു പിന്നിൽ നിന്ന് വെൺകൊറ്റക്കുട പിടിക്കും.

(മറുപുറം)



exam WiNNER®

**13 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക (അരപ്പുറം) (4x 4= 16)**

13 'സാന്ദ്രസൗഹൃദം' എന്ന പാഠഭാഗത്തിലെ ആശയം മുൻനിർത്തി ശ്രീകൃഷ്ണന്റെയും കുചേലന്റെയും സൗഹൃദത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

14 "മാനവികതയുടെ തീർഥം" എന്ന തലക്കെട്ട്, ആ ലേഖനത്തിന് എത്രമാത്രം യോജിക്കുന്നുണ്ട്. നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

15 "വിഷു അധ്വാനത്തിന്റെയും ഓണം സമൃദ്ധിയുടെയും തിരുവാതിര സൗന്ദര്യത്തിന്റെയും പ്രതീകങ്ങളാണ്."

(പൂക്കളും ആണ്ടറുതികളും)

നമ്മുടെ മിക്ക ആഘോഷങ്ങളും പ്രകൃതിയുമായി ബന്ധപ്പെട്ടവയാണല്ലോ. - നിങ്ങളുടെ അഭിപ്രായം കുറിക്കുക?

16 "കാർമുകിൽ ചിലപ്പോൾ ആകാശത്തിൽ കറുത്ത സിംഹം പോലെ നിൽക്കുന്നതായി തോന്നും. മറ്റു ചിലപ്പോൾ അത് എന്റെ കാഴ്ചയിൽ ചെറിയ ചെറിയ കൊടുമുടികളുമായി പ്രത്യക്ഷപ്പെടുന്ന നീലക്കാർ പർവതമായി മാറുന്നു". - (കെ.പി. അപ്പൻ)
ലേഖകന്റെ മേഘവർണനയുടെ ഭംഗി വിവരിക്കുക.

17 "അമ്മ, അമ്മയായിരുന്നു എല്ലാം; ജീവിതബന്ധത്തിന്റെ പൊട്ടാത്ത ചരട്."
"മകന്റെ നടപ്പാതകൾ അമ്മ അറിയുന്നു. അമ്മയുടെ വാൽസല്യമാണ് അതിന്റെ ചുവടുകൾക്കു പ്രകാശമാകുന്നത്."

(ഭൂമിയുടെ സ്വപ്നം)

അമ്മയും മകനും തമ്മിലുള്ള ആത്മബന്ധത്തിന്റെ ആവിഷ്കാരമാണ് 'ഭൂമിയുടെ സ്വപ്നം'. സൂചനകൾ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

18 "ശ്രീകൃഷ്ണപരമാത്മാവായി, താനെവിടെയും നിറഞ്ഞുനിന്നിരുന്നു. അരങ്ങത്തും അണിയറയിലും ഒരുപോലെ."
"താനെന്നും ഇന്നും കലാസപര്യക്കുവേണ്ടി ജീവിതമുഴിഞ്ഞു വച്ചവനാണ്."
"ആശാന്റെ യവനനെ വെല്ലാൻ ആരുമില്ലെന്നു വിധിയെഴുതി വിവരമുള്ളവർ."

(കീർത്തിമുദ്ര)

മുകളിൽ നൽകിയിരിക്കുന്ന പ്രസ്താവനകളും പാഠഭാഗത്തെ മറ്റ് ആശയങ്ങളും അടിസ്ഥാനമാക്കി വ്യത്യസ്തവേഷങ്ങൾ ചെയ്തുവിജയിപ്പിച്ച ആശാന്റെ കലയോടുള്ള ആത്മാർത്ഥത വിശദമാക്കുക.

(മറുപുറം)



exam WiNNER®

**19 മുതൽ 21 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക (ഒരു പുറം)**

(2 x 6 =12)

19
- വെപ്രാളപ്പെട്ട നടത്തം
- തേവിത്തേവി വറ്റിപ്പോയ കിണർ
- ആ പേഴ്സാകട്ടെ കൂടുതൽ പിഞ്ഞിക്കീറുകയും ചെയ്തു.

(അമ്മമ്മ)

സൂചനകളും മറ്റ് പാഠസന്ദർഭങ്ങളും പ്രയോജനപ്പെടുത്തി 'അമ്മമ്മ' എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക?

20 "ഉണ്ണാവ്രതവുമായന്യരെയൂട്ടുന്നൊ-
രെന്നുമ്മതൻ യജ്ഞം കണ്ടു നിൽക്കെ
നീറുമെന്നുള്ളം കുറുകീ: പഴയരി-
ച്ചോറെനിക്കുണ്ടല്ലോ വേണ്ടുവോളം;
പഞ്ഞക്കെടുതിയിൽ നീറുവോർ വറ്റില്ലാ-
ക്കഞ്ഞിക്കിരന്നു വലഞ്ഞിടുമ്പോൾ!
പിന്നെ ഞാൻ വൈകിയില്ലെന്നുടെ ചോറുമാ-
യുമ്മതൻ പിന്നിൽ പതുങ്ങിയെത്തി
ഉള്ളലിഞ്ഞോതിനേൻ: "എൻ ചോറുമാ കഞ്ഞി-
വെള്ളത്തിലിട്ടു വിളമ്പിക്കൊള്ളൂ!."

(വേദം-യൂസഫലി കേച്ചേരി)

ഈ കവിതാഭാഗത്തിന്റെ ആശയം, കാലികപ്രസക്തി, പ്രയോഗഭംഗി ഇവ പരിഗണിച്ച് ആസ്വാദനം തയാറാക്കുക.

21 "അന്നത്തെ വഴിയാത്രയ്ക്കുണ്ടായിരുന്നെന്നു പറഞ്ഞു വരുന്ന മറ്റൊരു ഗുണം അത് ഒരാളുടെ ലോകപരിചയം വളരെ വർധിപ്പിക്കുന്നതിനുതകിയിരുന്നു എന്നുള്ളതാണ്."

(വഴിയാത്ര)

ഇതുപോലെയുള്ള യാത്രകൾ നിങ്ങൾ നടത്തിയിട്ടുണ്ടാവുമല്ലോ. അത്തരം ഒരു യാത്രാനുഭവം വിവരിക്കുക.



exam WiNNER®